REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 11-05-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പ് നാലാംഘട്ടത്തിന്റെ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും.
- കഴിഞ്ഞ പത്തു വർഷത്തിനിടെ രാജ്യത്തെ നിരവധി പ്രശ്നങ്ങൾ പരിഹരിച്ചതിന്റെ ട്രാക്ക് റെക്കോർഡ് BJP ക്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ജാമ്യം ലഭിച്ച ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ ഇന്നു മുതൽ തിരഞ്ഞെടുപ്പ് പ്രചാരണം തുടങ്ങും.
- കേരളത്തിലെ ഹയർസെക്കണ്ടറി, പ്ലസ് വൺ പ്രവേശനത്തിന് ഈ മാസം 16 മുതൽ 25 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.
- സംസ്ഥാനത്ത് നാളെ വരെ ചിലയിടങ്ങളിൽ മിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
- IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ 35 റൺസിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പ് നാലാംഘട്ടത്തിന്റെ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദിയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും ഇന്നലെ ഹൈദരാബാദിൽ പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു.

കഴിഞ്ഞ പത്തു വർഷത്തിനിടയിൽ രാജ്യത്ത് നിരവധി പ്രശ്നങ്ങൾ പരിഹരിച്ചതിന്റെ ട്രാക്ക് റെക്കോർഡ് BJP ക്കുണ്ടെന്ന് പ്രധാനമന്ത്രി NDA റാലിയിൽ പറഞ്ഞു. വോട്ടു ചെയ്യാൻ ജനങ്ങൾ ഒരു പാർട്ടിയെ തെരഞ്ഞെടുക്കുമ്പോൾ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുത്തലാഖിനെ എതിർക്കുന്നവർ വിജയിക്കണമെന്നും ഭരണഘടനയുടെ മുന്നൂറ്റെഴുപതാം വകുപ്പ് റദ്ദാക്കിയതിനെ എതിർത്തവർ തോൽക്കണമെന്നും നരേന്ദ്ര മോദി പറഞ്ഞു. ബഹിരാകാശം, സമ്പദ് വ്യവസ്ഥ തുടങ്ങിയ എല്ലാ മേഖലകളിലും ഇന്ത്യ ശക്തമായതായും ഇതാണ് മോദിയുടെ ട്രാക്ക് റെക്കോർഡെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

വോട്ട് തേടുമ്പോൾ നേട്ടങ്ങളെ കുറിച്ചോ, പ്രകടന പത്രികയെ കുറിച്ചോ, BJP ക്കു സംസാരിക്കാനാവുന്നില്ലെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. ഹൈദരാബാദിലെ നക്രേകലിൽ ഇൻഡി സഖ്യം തെരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രി രേവന്ത് റെഡ്ഡി ഷദ്നഗറിലും BRS നേതാവ് ചന്ദ്രശേഖർ റാവു സിർസിലയിലും റോഡ് ഷോകളിൽ പങ്കെടുത്തു.

✪✪✪

തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഒഡീഷയിലെ ഭുവനേശ്വറിൽ എത്തി. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ രണ്ടു ദിവസം അദ്ദേഹം പ്രചാരണം നടത്തും. മറ്റന്നാൾ മുതൽ നാല് ഘട്ടങ്ങളിലാണ് ഒഡീഷയിൽ ലോക്സഭാ -നിയമസഭാ തെരഞ്ഞെടുപ്പുകൾ പൂർത്തിയാകുന്നത്.

ഇന്ന് പ്രധാനമന്ത്രി കന്ധമാൽ, ബാലൻഗിർ, ബാർഗഡ് ലോക്സഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും.

✪✪✪

സുപ്രീംകോടതി ഇടക്കാല ജാമ്യം അനുവദിച്ച ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാൾ ഇന്ന് മുതൽ സജീവ തിരഞ്ഞെടുപ്പ് പ്രചാരണത്തിനിറങ്ങും. ഇന്നലെ വൈകിട്ട് ഏഴു മണിയോടെ തിഹാർ ജയിലിൽ നിന്ന് പുറത്തു വന്ന കെജരിവാളിന് ആം ആദ്മി പ്രവർത്തകർ ഊഷ്മള സ്വീകരണം നൽകി. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാംഘട്ടം പൂർത്തിയാകുന്ന ജൂൺ ഒന്നുവരെയാണ് കെജരിവാളിന് സുപ്രീംകോടതി ജാമ്യം നൽകിയത്. ജൂൺ രണ്ടിന് ജയിൽ അധികൃതർക്കു മുന്നിലെത്തണമെന്ന് ജാമ്യവ്യവസ്ഥയിൽ നിർദ്ദേശമുണ്ട്.

രാവിലെ ഹനുമാൻ മന്ദിറിൽ ദർശനത്തിനു ശേഷം ആം ആദ്മി പാർട്ടി ഓഫീസിൽ കെജരിവാൾ വാർത്താസമ്മേളനം നടത്തും. തുടർന്ന് സൗത്ത് ഡൽഹിയിലെ തിരഞ്ഞെടുപ്പ് പ്രചാരണ റോഡ്ഷോയിലും കെജരിവാൾ പങ്കെടുക്കും.

ഡൽഹി മദ്യനയക്കേസിൽ എൻഫോഴ്സ്മെന്റ് വകുപ്പ്  എടുത്ത കേസിൽ 50 ദിവസത്തിനുശേഷമാണ് കെജരിവാളിന് ജാമ്യം അനുവദിച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസിലോ, സെക്രട്ടേറിയറ്റിലോ പോകാൻ പാടില്ലെന്ന കർശന ഉപാധിയോടെയാണ് ജാമ്യം.

✪✪✪

കേരളത്തിലെ ഹയർസെക്കണ്ടറി, പ്ലസ് വൺ പ്രവേശനത്തിന്  ഈ മാസം 16 മുതൽ 25 വരെ ഓൺലൈനായി അപേക്ഷ നൽകാം. ട്രയൽ അലോട്മെന്റ് ഈ മാസം 29 നും, ആദ്യ അലോട്മെന്റ് ജൂൺ അഞ്ചിനും ആയിരിക്കും. ജൂൺ 19 വരെ  മൂന്ന് ഘട്ടങ്ങളിലായി മുഖ്യ അലോട്മെന്റ്  പൂർത്തിയാകും.

✪✪✪

UGC ,നെറ്റ് ജൂൺ 2024 ന് അപേക്ഷിക്കുന്നതിന് സമയം ബുധനാഴ്ച വരെ നീട്ടിയതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. അപേക്ഷയിൽ തിരുത്തൽ വരുത്താൻ ഈ മാസം 18 മുതൽ 20 ന് രാത്രി 11.59 വരെ സമയം അനുവദിച്ചിട്ടുണ്ട്.

✪✪✪

കുവൈത്ത് പാർലിമെന്റ് പിരിച്ചുവിട്ടതായി അമീർ ഷെയ്ഖ് മിശാൽ അൽ അഹമദ് അൽ സബാഹ് അറിയിച്ചു. നാല് വർഷത്തേക്ക് ഭരണഘടനയുടെ ചില ഭാഗങ്ങൾ സസ്പെൻഡ് ചെയ്തതായും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ് നടപടിയെന്ന് അമീർ ടെലിവിഷൻ പ്രസംഗത്തിൽ പറഞ്ഞു.

✪✪✪

ജീവനക്കാരുടെ പ്രതിഷേധത്തെ തുടർന്ന്  തടസ്സപ്പെട്ട എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാന സർവീസുകൾ നാളെയോടെ സാധാരണ നിലയിൽ എത്തിയേക്കും. അവധി എടുത്ത ജീവനക്കാർ കേന്ദ്രം ഇടപെട്ട് നടത്തിയ ചർച്ചയെ തുടർന്ന് ജോലിയിലേക്ക് തിരിച്ചെത്തി തുടങ്ങി. ഇന്നലെ 75 സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസ്സ് റദ്ദാക്കിയത്.

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ സർവീസുകൾ സാധാരണഗതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ് .

ഇന്ന് 5 സർവീസുകൾ റദ്ദാക്കിയിട്ടുണ്ട്. പുലർച്ചെ 3-10 ന്റെ റാസൽഖൈമ, 5.15 ന്റെ ദമാം, 9-20ന്റെ അബുദാബി സർവീസുകൾ റദ്ദാക്കിയവയിൽ ഉൾപ്പെടുന്നു. ഉച്ചയ്ക്ക് ശേഷം  പോകേണ്ട   ദമാം സർവീസും റദ്ദാക്കി.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ ഹജ്ജ് യാത്രാ ഒരുക്കങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഹജ്ജ് ക്യാമ്പ് ഈ മാസം 30 ന് ആരംഭിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

...(വോയ്സ്)..............

✪✪✪

സംസ്ഥാനത്ത് നാളെ വരെ ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മണിക്കൂറിൽ 40 മുതൽ 50 കി.മീ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പിൽ പറയുന്നു.

മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. എറണാകുളം, ഇടുക്കി, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

ഹിമാചൽ പ്രദേശിലെ സിംലയിൽ വാഹനത്തിന്റ മുകളിലേക്ക് മണ്ണും പാറയും ഇടിഞ്ഞ് വീണ് മലയാളി സൈനികൻ മരണമടഞ്ഞു. കരസേന എഞ്ചിനിയർ റെജിമെന്റിൽ ജോലി ചെയ്തിരുന്ന ഫറോക്ക് സ്വദേശി ആദർശ് എന്ന 27 കാരനാണ് മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് ക്യാംപിൽ നിന്ന് യൂണിറ്റ് ലൊക്കേഷനിലേക്ക് പോകുന്നതിനിടെയായിരുന്നു അപകടമെന്നാണ് വിവരം. മൃതദേഹം ഇന്ന് വൈകിട്ടോടെ നാട്ടിലെത്തിക്കും.

✪✪✪

മലപ്പുറം ജില്ലയിൽ വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ച് ഒരാൾ മരിച്ച സാഹചര്യത്തിൽ രോഗത്തിനെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ R രേണുക മുന്നറിയിപ്പ് നൽകി. ചാലിയാർ സ്വദേശിയായ 41 കാരനാണ് വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ച് ഇന്നലെ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ മരിച്ചത്.

മലപ്പുറം ജില്ലയിൽ ഈ വർഷം ജനുവരി മുതൽ 3,184 സംശയാസ്പദ വൈറൽ ഹെപ്പറ്റൈറ്റിസ് കേസുകളും, 1,032 സ്ഥിരീകരിച്ച കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ 35 റൺസിന് തോൽപ്പിച്ചു. ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡനിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

61-ാമത് സംസ്ഥാനതല ഓപ്പൺ ഫിഡേ റേറ്റഡ് ചെസ് ചാമ്പ്യൻഷിപ്പ് തിരുവനന്തപുരത്ത് ആരംഭിച്ചു. 200 ലേറെ പേർ പങ്കെടുക്കുന്നുണ്ട്. ദേശീയ ചാമ്പ്യൻഷിപ്പിലേക്ക് താരങ്ങളെ തിരഞ്ഞെടുക്കുന്ന ചാമ്പ്യൻഷിപ്പാണിത്. തിങ്കളാഴ്ച വൈകിട്ട് ചാമ്പ്യൻഷിപ്പ് സമാപിക്കും.

✪✪✪

കണ്ണൂർ ജില്ലാ ഫുട്ബോൾ അസോസിയേഷൻ ലീഗ് ഫുട്ബോൾ മത്സരത്തിൽ ജൂനിയർ റെഡ് സ്റ്റാർ, ലക്കി ബോയ്സിനെ തോൽപ്പിച്ചു. മറ്റൊരു മത്സരത്തിൽ കണ്ണൂർ ജില്ലാ പോലീസ്, കൂത്തുപറമ്പ് ബ്രദേർസ് ക്ലബ്ബിനെയും പരാജയപ്പെടുത്തി.

ഇന്ന് ജൂനിയർ റെഡ് സ്റ്റാർ, ലക്കി സ്റ്റാർ ക്ലബ്ബുമായും കണ്ണൂർ S.N കോളേജ് ,പയ്യന്നൂർ കോളേജുമായും ഏറ്റുമുട്ടും.

✪✪✪

കണ്ണൂർ ആറളം ഫാമിൽ നിന്ന് ഇന്നലെ അഞ്ച് ആനകളെ കൂടി കാട്ടിലേക്ക് തുരത്തി. ഇതോടെ 'ഓപ്പറേഷൻ എലിഫന്റ്' ദൗത്യത്തിന്റെ ഭാഗമായി ആറളത്തു നിന്ന് 10 കാട്ടാനകളെ തുരത്താൻ കഴിഞ്ഞു. കാടുകയറ്റിയ ആനകൾ തിരികെ ഫാമിലേക്ക് വരാതിരിക്കാൻ വൈദ്യുതവേലി ചാർജ് ചെയ്തു. ഫാമിൽ കശുവണ്ടി ശേഖരണം നടത്തുന്നതിനാൽ ഇന്നും നാളെയും ആനകളെ തുരത്തുന്ന നടപടി ഉണ്ടാവില്ല.

✪✪✪

കൊച്ചിയിൽ തൃക്കാക്കര ക്ഷേത്രത്തിന് സമീപത്തെ അഡ്മിറൽ ഫ്ലാറ്റിൽ നിന്ന് പൊലീസ് 50 ഗ്രാമോളം MDMA പിടികൂടി. ഒരു സ്ത്രീ ഉൾപ്പെടെ ഏഴ് പേരെ കസ്റ്റഡിയിലെടുത്തു. പിടിയിലായ നഹാസിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ കൊട്ടേഷൻ - ലഹരി മരുന്ന് ഇടപാടുകൾ നടത്തി വരികയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. ഇതിനായി ഉപയോഗിച്ചിരുന്ന ആഡംബര കാറും, വടിവാൾ ഉൾപ്പെടെ മാരകായുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

✪✪✪

ജൂൺ 13 മുതൽ 15 വരെ തിരുവനന്തപുരത്ത് ചേരുന്ന ലോക കേരള സഭയുടെ നാലാം സമ്മേളനത്തിന് സംഘാടക സമിതി രൂപീകരിച്ചു.

മന്ത്രിമാരായ G R അനിൽ, V ശിവൻകുട്ടി, നോർക്ക റൂട്ട്സ് റെസിഡന്റ് വൈസ് ചെയർമാൻ P.ശ്രീരാമകൃഷ്ണൻ, പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ KV അബ്ദുൽ ഖാദർ എന്നിവരാണ് രക്ഷാധികാരികൾ. സമിതി ചെയർമാനായി E T ടൈസൻ MLA യെ തിരഞ്ഞെടുത്തു. 25 അംഗ എക്സ്ക്യൂട്ടീവ് കമ്മിറ്റിയെയും തിരഞ്ഞെടുത്തു.

✪✪✪

സംസ്ഥാനത്തെ ആശുപത്രി മേഖലയിൽ തൊഴിൽവകുപ്പ് കഴിഞ്ഞ നാലു ദിവസങ്ങളിൽ നടത്തിയ പരിശോധനയിൽ 1,810 നിയമലംഘനങ്ങൾ കണ്ടെത്തിയതായി ലേബർ കമ്മീഷണർ അർജ്ജുൻ പാണ്ഡ്യൻ തിരുവനന്തപുരത്ത് അറിയിച്ചു. 110 ആശുപത്രികളിലായിരുന്നു പരിശോധന. വേതനം, അവധി എന്നിവയുമായി ബന്ധപ്പെട്ട തൊഴിൽ നിയമങ്ങളുടെ ലംഘനമാണ് കണ്ടെത്തിയത്.

✪✪✪

KPCC അംഗമായിരുന്ന കോഴിക്കോട്ടെ K.V സുബ്രമഹ്ണ്യനെ പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്ന് സസ്പെൻഡ് ചെയ്തതായി ജനറൽ സെക്രട്ടറി T.U രാധാകൃഷ്ണൻ അറിയിച്ചു. തെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ പാർട്ടിയേയും മുന്നണിയേയും പ്രതിരോധത്തിലാക്കുകയും പൊതു സമൂഹത്തിന് മുന്നിൽ പാർട്ടിക്ക് അവമതിപ്പുണ്ടാക്കിയെന്നും ആരോപിച്ചാണ് നടപടി.

✪✪✪